15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1806 — 05-07-2022 - ൽ മറുപടിയ്ക്ക്

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളി സംഘടനകൾ സമരത്തിലാണ് എന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഗൗരവത്തോടെ കാണുന്നുണ്ട്. |
| (ബി) | പ്രസ്തുത സമരങ്ങൾ തീർക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | സമരം നടത്തുന്ന അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതിന് 29.06.2022 തീയതിയിൽ ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. |
| (സി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | കോവിഡ് മഹാമാരിക്കുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും വിവിധ നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും, ശരാശരി പ്രതിദിന വരുമാനം 6 കോടി രൂപയിൽ എത്തിച്ചിട്ടുണ്ട്. എന്നാൽ ഡീസൽ വിലയിലെ അനിയന്ത്രിത വിലക്കയറ്റം, ബൾക്ക് പർച്ചെയ്സർ വിഭാഗത്തിന് നൽകിയിരുന്ന ആനുകൂല്യങ്ങൾ ഇന്ധന കമ്പനികൾ നിഷേധിച്ചതുമൂലമുണ്ടായ അധിക ബാധ്യത, ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്ക്കരണം, കൺസോർഷ്യം വായ്പ തിരിച്ചടവ്, ശമ്പള വിതരണത്തിനായി സർക്കാർ നൽകിവന്ന ധനസഹായത്തിലെ കുറവ് എന്നിവ നിമിത്തം വരുമാനത്തെക്കാൾ ചെലവേറി വരുന്ന സാഹചര്യത്തിൽ എല്ലാ മാസവും സമയബന്ധിതമായി ജീവനക്കാർക്ക് ശമ്പളം വിതരണം ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി സ്ഥിതി തരണം ചെയ്യുന്നതിനായി സർക്കാർ സാമ്പത്തിക സഹായത്തിനുപുറമെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ഓവർഡ്രാഫ്റ്റ് വായ്പ |

| | | | |
|---|---|---|---|
| | | | കൂടി ലഭ്യമാക്കിയാണ് ശമ്പളം വിതരണം ചെയ്യുന്നത്. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ ഡ്യൂട്ടികൾ സിംഗിൾ ഡ്യൂട്ടികളും 12 മണിക്കൂർ സ്പ്രെഡ് ഓവർ ഡ്യൂട്ടികളും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചു വരികയാണ്. ഡോക്കിലുള്ള ബസ്സുകൾ കൂടി നിരത്തിലിറക്കിയും, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഗുണഫലത്താൽ വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ശമ്പളം സമയബന്ധിതമായി തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ